അധ്യാപകർക്ക് അഭിമുഖം

തിരുവനന്തപുരം

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിലവിലുള്ള അധ്യാപക ഒഴിവുകൾ സ്ഥലംമാറ്റം മുഖേന നികത്തുന്നതിനായി സർക്കാർ സ്കൂളുകളിലെ താൽപ്പര്യമുള്ള അധ്യാപകർക്കായി അഭിമുഖം നടത്തും. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ 17നാണ് അഭിമുഖം. താൽപ്പര്യമുള്ളവർ രാവിലെ എട്ടിന് ഡിജിഇയുടെ ഓഫീസിൽ എത്തണം. സർക്കുലറും വിശദവിവരങ്ങളും അപേക്ഷാഫോമും ഒഴിവ് റിപ്പോർട്ടും www.education.kerala.gov.in ൽ ലഭ്യമാണ്.

ഒമാനിൽ അക്കൗണ്ട്സ് ഓഫീസർ

തിരുവനന്തപുരം

ഒഡെപെക് മുഖേന ഒമാനിലെ പ്രമുഖ സ്കൂളിലേക്ക് അക്കൗണ്ട്സ് ഓഫീസറെ (പുരുഷൻ) തെരഞ്ഞെടുക്കുന്നു. ഉദ്യോഗാർഥികൾക്ക്ബികോം/എംകോം വിദ്യാഭ്യാസ യോഗ്യതയും അക്കൗണ്ടുകൾ, നികുതി, ഓഡിറ്റ്, ടാലി എന്നിവയിൽ നാലു വർഷം പ്രവൃത്തി പരിചയം വേണം. എൽസി ഓപ്പണിങ്, ക്രെഡിറ്റ് സൗകര്യങ്ങൾ മുതലായവയ്ക്കായി ബാങ്കുകളുമായി ഇടപഴകുന്നതിലുള്ള അനുഭവ പരിചയം അധിക യോഗ്യതയായി കണക്കാക്കും. മാസശമ്പളം ഒഎംആർ 300–400. താൽപ്പര്യമുള്ളവർ 18നു മുമ്പ് eu@ odepc.in ൽ അപേക്ഷിക്കണം. വിവരങ്ങൾക്ക്: www.odepc.kerala.gov.in,ഫോൺ: 04712329440 /41/42/43/45.

വയോജന പ്രതിഷേധ ധർണ 31ന്

തിരുവനന്തപുരം

വയോജനങ്ങളോടുള്ള കേന്ദ്ര അവഗണനയ്ക്കെതിരെ സീനിയർ സിറ്റിസൺസ് ഫ്രണ്ട്സ് വെൽഫയർ അസോസിയേഷൻ 31ന് കേന്ദ്ര സർക്കാർ ഓഫീസുകൾക്കുമുന്നിൽ പ്രതിഷേധ ധർണ നടത്തും. സംസ്ഥാനത്തെ 252 മേഖലാ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് ധർണ. പെൻഷൻ 200 രൂപയിൽനിന്ന് വർധിപ്പിക്കുക, സൗജന്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുക, റെയിൽവേ ഇളവ് പുനഃസ്ഥാപിക്കുക, ദേശീയ വയോജന കൗൺസിൽ രൂപീകരിക്കുക, ദേശീയ വയോജന നയം പ്രഖ്യാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം.

തിരുവനന്തപുരം പട്ടത്തിനു സമീപം പ്ലാമൂട് ജങ്ഷനിൽ സീനിയർ സിറ്റിസൺസ് ഫ്രണ്ട്സ് വെൽഫയർ അസോസിയേഷന്റെ ആസ്ഥാന മന്ദിരം ജൂൺ 28ന് ഉദ്ഘാടനംചെയ്യും. ആറാം സംസ്ഥാന സമ്മേളനം നവംബർ 24, 25 തീയതികളിൽ കണ്ണൂരിൽ നടത്തും. യോഗത്തിൽ പ്രസിഡന്റ് വി എ എൻ നമ്പൂതിരി അധ്യക്ഷനായി.

കെ സൊട്ടോയിൽ പുതിയ 3 തസ്തിക കൂടി

തിരുവനന്തപുരം

സംസ്ഥാനത്ത് അവയവ മാറ്റിവയ്ക്കലുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രൂപം നൽകിയ കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷനിൽ (കെ സോട്ടോ) പുതിയ മൂന്നു തസ്തികകൾ കൂടി. ഇത് സംബന്ധിച്ച ഉത്തരവ് ആരോഗ്യ വകുപ്പ് പുറത്തിറക്കി. ടെക്നിക്കൽ വിഭാഗം ജോയിന്റ് ഡയറക്ടർ (കരാർ അടിസ്ഥാനത്തിൽ), കൺസൾട്ടന്റ് (രജിസ്ട്രി/സിസ്റ്റം അഡ്മിൻ/ട്രെയിനിങ് ഡെവലപ്മെന്റ് /ഐഇസി–കരാർ അടിസ്ഥാനത്തിൽ), ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള ദിവസവേതനത്തിൽ) എന്നിങ്ങനെയാണ് തസ്തികകൾക്ക് രൂപം നൽകിയത്.

എൻജിഒ യൂണിയൻ വജ്രജൂബിലി സെമിനാർ

സംഘപരിവാർ ശ്രമിക്കുന്നത് മതാധികാര ഭരണക്രമം സ്ഥാപിക്കാൻ: എ എ റഹിം

എൻജിഒ യൂണിയൻ വജ്രജൂബിലിയുടെ ഭാഗമായുള്ള സെമിനാർ എ എ റഹിം എംപി ഉദ്ഘാടനം ചെയ്യുന്നു

സ്വന്തം ലേഖകൻ

നെടുമങ്ങാട്

മതാധികാര ഭരണക്രമം ഇന്ത്യയിൽ സ്ഥാപിക്കാനാണ് സംഘപരിവാർ ശ്രമിക്കുന്നതെന്ന് എ എ റഹിം എംപി പറഞ്ഞു. എൻജിഒ യൂണിയന്റെ വജ്രജൂബിലി സമ്മേളനത്തോട് അനുബന്ധിച്ച് നെടുമങ്ങാട്ട് 'ജനാധിപത്യത്തിനുമേൽ ഫാസിസം പിടിമുറുക്കുമ്പോൾ' സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അടിച്ചമർത്തപ്പെട്ടവരുടെയും ദുരിതം അനുഭവിക്കുന്നവരുടെയും ഒരുമിക്കലാണ് ജനാധിപത്യത്തിന്റെ നിലനിൽപ്പിനാവശ്യം. അധികാരം നിലനിർത്താൻ സംഘപരിവാർ വർഗീയതയെ ഉപയോഗിക്കുന്നു. സാങ്കേതികവിദ്യയെയും ശാസ്ത്രത്തെയും തള്ളിപ്പറയുന്ന സംഘപരിവാർ നുണകൾ പ്രചരിപ്പിക്കുന്നതിന് ശാസ്ത്ര സാങ്കേതികവിദ്യയെ ഉപയോഗിക്കുന്നുവെന്നും എ എ റഹീം പറഞ്ഞു.

മാധ്യമ പ്രവർത്തകൻ അരുൺകുമാർ മുഖ്യപ്രഭാഷണം നടത്തി. സ്വാഗതസംഘം സബ് കമ്മിറ്റി ചെയർമാൻ കെ എസ് സുനിൽ കുമാർ അധ്യക്ഷനായി. എൻജിഒ യൂണിയൻ സംസ്ഥാന വൈസ് പ്രസിഡന്റ് ബി അനിൽകുമാർ സംസാരിച്ചു. സൗത്ത് ജില്ലാ സെക്രട്ടറി എസ് സജീവ് കുമാർ സ്വാഗതവും ഏരിയ സെക്രട്ടറി ടി സജി നന്ദിയും പറഞ്ഞു. യൂണിയൻ സംസ്ഥാന വൈസ് പ്രസിഡന്റ് ബി അനിൽകുമാർ, സിപിഐ എം ഏരിയ സെക്രട്ടറി ആർ ജയദേവൻ, നഗരസഭാ അധ്യക്ഷ സി എസ് ശ്രീജ എന്നിവർ സംസാരിച്ചു.

സഹകരണ പെൻഷൻകാരുടെ മെഡിക്കൽ അലവൻസ് കൂട്ടി

സ്വന്തം ലേഖകൻ

തിരുവനന്തപുരം

സംസ്ഥാനത്ത് സഹകരണ പെൻഷൻ വാങ്ങുന്നവരുടെ മെഡിക്കൽ അലവൻസ്, ആശ്വാസ് പെൻഷൻ എന്നിവ വർധിപ്പിച്ചതായി മന്ത്രി വി എൻ വാസവൻ അറിയിച്ചു. ഏപ്രിൽ ഒന്നുമുതൽ വർധന പ്രാബല്യത്തിലാകും. ഇതനുസരിച്ച് പെൻഷൻകാരുടെ മെഡിക്കൽ അലവൻസ് 500 രൂപയിൽനിന്ന് 600 രൂപയായും ഇതര സഹകരണ പെൻഷൻകാരുടെ മെഡിക്കൽ അലവൻസ് 300 രൂപയിൽനിന്ന് 500 രൂപയായും കുടുംബ പെൻഷൻകാരുടെ മെഡിക്കൽ അലവൻസ് 250 രൂപയിൽനിന്ന് 300 രൂപയായുമാകും.

ആശ്വാസ് പെൻഷൻ 1500 രൂപയിൽനിന്ന് 1750 രൂപയായി വർധിപ്പിച്ചു. നിലവിലുള്ള പെൻഷൻഫണ്ടിൽ നിന്നാണ് തുക നൽകുക. സഹകരണ ജീവനക്കാരുടെ പെൻഷൻ സമഗ്രമായി പരിഷ്കരിക്കാൻ അർധ ജുഡീഷ്യൽ സ്വഭാവമുള്ള സമിതിയെ നിയോഗിക്കാൻ തീരുമാനിച്ചെന്നും മന്ത്രി അറിയിച്ചു. സഹകരണ ജീവനക്കാരുടെ പെൻഷൻ സംഘടനകൾ ദീർഘകാലമായി ഉന്നയിച്ച ആവശ്യമാണ് അംഗീകരിച്ചത്.

തെങ്ങുകൃഷി കോൾ സെന്ററുമായി നാളികേര വികസന ബോർഡ്

തിരുവനന്തപുരം

തെങ്ങുകയറ്റം, തെങ്ങുസംരക്ഷണം, വിളവെടുപ്പ് അടക്കമുള്ളവയിൽ പരിശീലനം ലഭിച്ചവർക്കായി നാളികേര വികസന ബോർഡ് കോൾ സെന്റർ സ്ഥാപിക്കും.

കോൾ സെന്ററിനാവശ്യമായ ഡാറ്റാബേസ് നിർമിക്കുന്നതിനായി വിവിധ നാളികേര ഉൽപ്പാദക ഫെഡറേഷനുകൾ, കമ്പനികൾ, സൊസൈറ്റികൾ, കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ, കൃഷിഭവനുകൾ വഴി ബോർഡ് സംഘടിപ്പിച്ചിട്ടുള്ള തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിൽ പങ്കെടുത്ത് തെങ്ങുകയറ്റം തൊഴിലായി സ്വീകരിച്ചവരിൽനിന്നാണ് വിവരങ്ങൾ ശേഖരിക്കുന്നത്. വിവരങ്ങൾക്ക്: 8848061240.

നവജാതശിശുവിന്റെ മരണം കൊലപാതകം; കമിതാക്കൾ അറസ്റ്റിൽ

പ്രതികൾ അതിഥി തൊഴിലാളികൾ


സാഥുറാം


മാലതി

സ്വന്തം ലേഖകൻ

നെടുങ്കണ്ടം

നവജാതശിശുവിനെ ശുചിമുറിയിൽ മരിച്ചനിലയിൽ കണ്ടെത്തിയ സംഭവം കൊലപാതകം. ഒരുമിച്ച് കഴിഞ്ഞിരുന്ന കമിതാക്കളായ അതിഥി തൊഴിലാളികൾ അറസ്റ്റിൽ.

മധ്യപ്രദേശ് മാണ്ഡെ ജില്ലയിൽ ബഹറ്റോള വാർഡ് നമ്പർ 16 ൽ സാഥുറാം(23), വാർഡ് നമ്പർ 13 ൽ മാലതി(21) എന്നിവരാണ് അറസ്റ്റിലായത്. കഴിഞ്ഞ ഏഴിന് രാത്രിയിലാണ് മാലതി ആൺകുട്ടിയെ പ്രസവിച്ചത്. ശിശുവിന്റെ മൃതദേഹം ഇടുക്കി മെഡിക്കൽ കോളജിൽ പോസ്റ്റുമാർട്ടം നടത്തിയപ്പോൾ കഴുത്തിലും വയറിലും ഞെരുക്കിയ പാടുകളും നഖത്തിന്റെ പോറലും കണ്ടെത്തി. കമ്പംമെട്ട് പൊലീസ് സാഥുറാമിനെയും മാലതിയെയും ചോദ്യം ചെയ്തപ്പോഴാണ് കൊലപാതകമാണെന്ന് തെളിഞ്ഞത്. ഇരുവരുടെയും വിവാഹം നിശ്ചയിച്ചിരുന്നു. വിവാഹത്തിന് മുമ്പ് കുട്ടിയുണ്ടായാൽ അപമാനമാകുമെന്ന ഭയമാണ് കൊലയ്ക്ക് പ്രേരിപ്പിച്ചതെന്ന് പൊലീസിന് മൊഴിനൽകി. മാർച്ച് ഒമ്പതിനാണ് കമ്പംമെട്ട് ശാന്തിപുരം കുഞ്ഞസന്റെ പുരയിടത്തിലെ ജോലിക്കായി ഇവർ എത്തിയത്.

വീടിന്റെ സമീപത്തെ ഷെഡിലാണ് സാഥുറാമും മാലതിയും കഴിഞ്ഞിരുന്നത്. പ്രസവം നടന്നപ്പോൾ തന്നെ സാഥുറാമും ചേർന്ന് ശുചിമുറിയിൽവച്ച് കുട്ടിയെ കഴുത്ത് ഞെരിച്ച് ശ്വാസംമുട്ടിച്ചു. കുട്ടി മരിച്ചെന്ന ധാരണയിൽ ഇവർ താമസിക്കുന്ന ഷെഡിൽ കൊണ്ടുപോയി കിടത്തി. പ്രസവിച്ചപ്പോൾതന്നെ നവജാതശിശു ശുചിമുറിയിലെ ക്ലോസറ്റിൽ പതിച്ച് മരിച്ചെന്ന് പിറ്റേന്ന് രാവിലെ ഇവർ കുഞ്ഞസനെയും കുടുംബത്തെയും അറിയിച്ചു. കുഞ്ഞസനാണ് വിവരം ആരോഗ്യ പ്രവർത്തകരെ അറിയിച്ചത്. ആരോഗ്യ പ്രവർത്തകർ എത്തിയപ്പോൾ കുഞ്ഞിന് നേരിയശ്വാസമുണ്ടെന്ന് കണ്ടെത്തി. നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിലെത്തും മുമ്പ് കുഞ്ഞ് മരിച്ചു. പ്രസവത്തെ തുടർന്ന് ദേഹാസ്വാസ്ഥ്യമുണ്ടായ മാലതിയെ നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു.

കമ്പംമെട്ട് സിഐ വി എസ്അനിൽകുമാർ, പൊലീസ് ഉദ്യോഗസ്ഥരായ സണ്ണി, ഷാജി, സാബു, ഏലിയാമ്മ, വി എം ജോസഫ്, ജെറിൻ ടി വർഗീസ്, സുധീഷ്, ജോസിമോൾ എന്നിവരുടെ സംഘമാണ് പ്രതികളെ പിടികൂടിയത്. ഇരുവരെയും നെടുങ്കണ്ടം ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി റിമാൻഡ് ചെയ്തു.

അഞ്ചാമത് ഗ്ലോബൽ ആയുർവേദ ഫെസ്റ്റ് തലസ്ഥാനത്ത്

തിരുവനന്തപുരം

ആയുർവേദത്തിന്റെ സാധ്യത ആഗോളതലത്തിൽ വ്യാപിപ്പിക്കാൻ ഡിസംബർ ഒന്നുമുതൽ അഞ്ചുവരെ തിരുവനന്തപുരത്ത് ഗ്ലോബൽ ആയുർവേദ ഫെസ്റ്റിവൽ (ജിഎഎഫ്) സംഘടിപ്പിക്കും. കേന്ദ്ര സംസ്ഥാന ആയുഷ് വകുപ്പുകൾ, ആയുർവേദ മേഖലയിലെ സന്നദ്ധ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് സെന്റർ ഫോർ ഇന്നൊവേഷൻ ഇൻ സയൻസ് ആൻഡ് സോഷ്യൽ ആക്ഷൻ (സിഐഎസ്എസ്എ) കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്.

മുഖ്യമന്ത്രി പിണറായി വിജയനെ മുഖ്യരക്ഷാധികാരിയാക്കി ഇരുനൂറോളം അംഗങ്ങളുള്ള സംഘാടക സമിതി രൂപീകരിച്ചു. നൊബേൽ ജേതാക്കളടക്കം അമ്പതോളം ശാസ്ത്രജ്ഞർ പങ്കെടുക്കും. അഞ്ഞൂറോളം പ്രബന്ധങ്ങൾ അവതരിപ്പിക്കുന്ന അന്തർദേശീയ സെമിനാറുണ്ടാകും. 75 രാജ്യത്തുനിന്നായി 500 വിദേശ പ്രതിനിധികൾ ഉൾപ്പെടെ 7500 പേർ പങ്കെടുക്കും. ഫെസ്റ്റിവലിന് മുന്നോടിയായി സംസ്ഥാനത്തെ എല്ലാ ജില്ലയിലും നവംബർ ഒന്നുമുതൽ 30 വരെ ഗ്രാൻഡ് കേരള ആയുർവേദ ഫെയർ നടക്കും. ജിഎഎഫ് ചെയർമാൻ വി മുരളീധരൻ, വർക്കിങ് ചെയർമാൻ ജി ജി ഗംഗാധരൻ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

പ്രതികരണം ലഹരിക്കെതിരെ, കൂടെ മയക്കുമരുന്നു കടത്ത് പ്രതി

പരിഹാസ്യനായി പ്രതിപക്ഷ നേതാവ്


കൊല്ലം ഡിസിസി ഓഫീസിൽ മാധ്യമങ്ങളോട് സംസാരിക്കുന്ന പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. ലഹരി ഉൽപ്പന്നങ്ങൾ കടത്തിയ കേസിലെ പ്രതിയും മുൻ ഡിസിസി അംഗവുമായ ബിനോയി ഷാനൂർ സമീപം

കൊല്ലം ഡിസിസി ഓഫീസിൽ ലഹരിക്കെതിരെ മാധ്യമങ്ങളോട് സംസാരിച്ച പ്രതിപക്ഷ നേതാവ് വി ഡി സതീശനൊപ്പം ലഹരിക്കടത്തുകേസിലെ പ്രതിയായ ഡിസിസി മുൻ ഡിസിസി അംഗവുമായ ബിനോയി ഷാനൂരും

സ്വന്തം ലേഖകൻ

കൊല്ലം

ലഹരിമാഫിയക്കെതിരെ മാധ്യമങ്ങളോട് സംസാരിച്ച പ്രതിപക്ഷനേതാവ് വി ഡി സതീശനൊപ്പം ലഹരിക്കടത്തുകേസിലെ പ്രതി. കൊല്ലം ഡിസിസി ഓഫീസിൽ വെള്ളിയാഴ്ച രാവിലെയാണ് വി ഡി സതീശൻ മാധ്യമങ്ങളെ കണ്ടത്. കൊട്ടാരക്കര താലൂക്കാശുപത്രിയിൽ രോഗി ഡോക്ടറെ കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ടായിരുന്നു പ്രതിപക്ഷ നേതാവിന്റെ പ്രതികരണം. ലഹരിക്കടത്തിന് രാഷ്ട്രീയ രക്ഷാകർതൃത്വം ഉണ്ടെന്നും സിപിഐ എം പ്രാദേശിക ഘടകങ്ങളുടെ സഹായത്തോടെ കേരളത്തിലേക്ക് ലഹരി കടത്തുന്നതായും വി ഡി സതീശൻ ആരോപിച്ചു.

20 ലക്ഷം രൂപയുടെ നിരോധിത പുകയില ഉൽപ്പന്നങ്ങൾ കടത്തിയ കേസിലെ പ്രതിയും മുൻ ഡിസിസി അംഗവുമായ ബിനോയി ഷാനൂരിനൊപ്പംനിന്ന് ലഹരിക്കെതിരെ പ്രതിപക്ഷ നേതാവിന്റെ പ്രതികരണം വിരോധാഭാസമായി.

ലഹരി ഉപയോഗം സംസ്ഥാനത്ത് വർധിക്കുന്നെന്ന് ആദ്യം


KOLLAM

20 ലക്ഷത്തിന്റെ പുകയിലെ പിടിച്ചെടുത്ത കേസ്: ഒളിവിലായിരുന്ന മുൻ കോൺഗ്രസ് നേതാവ് അറസ്റ്റിൽ

turday 07 March, 2020 | 12:33 AM

പള്ളിമുക്കിൽ നിന്നും 19 ലക്ഷത്തിന്റെ നിരോധിത പുകയില ഉൽപന്നങ്ങൾ പിടിച്ച കേസിൽ ബിനോയ് ഷാനൂരിനെയും കൂട്ടാളി ഷുഹൈബിനെയും രാമൻകുളങ്ങരയിൽ നിന്നും പോലീസ് പിടികൂടിയപ്പോൾ

നിരോധിത പുകയില ഉൽപ്പന്നങ്ങളുമായി ബിനോയി ഷാനൂരിനെ 2020 ഫെബ്രുവരി 18ന് കൊല്ലം സിറ്റി പൊലീസ് പിടികൂടിയപ്പോൾ (ഫയൽ ചിത്രം)

പ്രതിപക്ഷമാണ് നിയമസഭയിൽ ഉന്നയിച്ചതെന്നും വി ഡി സതീശൻ പറഞ്ഞു. തുടർന്നുള്ള ക്യാമ്പയിനിൽ മുഖ്യമന്ത്രിക്ക് എല്ലാ പിന്തുണയും നൽകി. ചെറിയ കാരിയർമാർ മാത്രമാണ് പിടിക്കപ്പെടുന്നത്. ലഹരിയുടെ ഉറവിടം കണ്ടെത്താനാകുന്നില്ല. കേരളത്തിലേക്ക് ഭീകരമായി ലഹരി ഇറക്കുമതി ചെയ്യുകയാണെന്നും വി ഡി സതീശൻ പറഞ്ഞു.

ബിനോയ് ഷാനൂരിന്റെ കൊല്ലം പള്ളിമുക്കിലുള്ള ഗോഡൗണിൽനിന്ന് 24 ചാക്കുകളിലായി 60,000 പായ്ക്കറ്റ് നിരോധിത പുകയില ഉൽപ്പന്നങ്ങൾ 2020 ഫെബ്രുവരി 18ന് കൊല്ലം സിറ്റി പോലീസ് പിടികൂടിയിരുന്നു. യൂത്ത് കോൺഗ്രസ് മുൻ ജില്ലാ ജനറൽ സെക്രട്ടറി കൂടിയാണ് ബിനോയ് ഷാനൂർ സ്കൂൾ പരിസരം കേന്ദ്രീകരിച്ച് വിൽക്കുന്നതിനാണ് പുകയില ഉൽപ്പന്നങ്ങൾ എത്തിച്ചത്. റിമാൻഡിലായിരുന്ന ബിനോയി ഷാനൂർ ഇപ്പോൾ ജാമ്യത്തിലാണ്.

കേന്ദ്ര ജീവനക്കാരുടെ കോൺഫെഡറേഷൻ സമ്മേളനത്തിന് തുടക്കം

സ്വന്തം ലേഖകൻ

തിരുവനന്തപുരം

കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവ എംപ്ലോയീസ് ആൻഡ് വർക്കേഴ്സ് ദേശീയ സമ്മേളനം സിഐടിയു അഖിലേന്ത്യ വൈസ് പ്രസിഡന്റ് എ കെ പത്മനാഭൻ ഉദ്ഘാടനംചെയ്യുന്നു

വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാർ ജീവനക്കാരുടെ 130 സംഘടനയെ പ്രതിനിധാനംചെയ്യുന്ന കോൺഫെഡറേഷന്റെ 27–ാം അഖിലേന്ത്യ സമ്മേളനം തിരുവനന്തപുരത്ത് എം കൃഷ്ണൻ നഗറിൽ (നാഷണൽ ക്ലബ്) ആരംഭിച്ചു. അഖിലേന്ത്യാ പ്രസിഡന്റ് രവീന്ദ്രൻ ബി നായർ പതാക ഉയർത്തി. പ്രതിനിധി സമ്മേളനം സിഐടിയു അഖിലേന്ത്യാ വൈസ് പ്രസിഡന്റ് എ കെ പത്മനാഭൻ ഉദ്ഘാടനംചെയ്തു.

കേന്ദ്ര സർക്കാരിന്റെ തൊഴിലാളിവിരുദ്ധ നയങ്ങൾക്കെതിരെ എല്ലാ മേഖലയിലെ ജീവനക്കാരും തൊഴിലാളികളും ഐക്യത്തോടെ പ്രതിരോധം തീർക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് എ കെ പത്മനാഭൻ പറഞ്ഞു. ട്രേഡ് യൂണിയൻ അവകാശങ്ങൾ പൂർണമായും നിഷേധിക്കുന്നതിന്റെ ഭാഗമായാണ് എൻഎഫ്പിഇയുടെയും ഐഎസ്ആർഒ ജീവനക്കാരുടെ സംഘടനകളുടെയും അംഗീകാരം റദ്ദാക്കിയത്. ഇതു മറ്റു മേഖലകളിലേക്കും വ്യാപിക്കും. ഇത്തരം ജനാധിപത്യവിരുദ്ധ സമീപനങ്ങൾക്കെതിരെ യോജിച്ച സമരങ്ങൾ ഉയർന്നു വരണമെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാന ജീവനക്കാരുടെ അഖിലേന്ത്യാ ഫെഡറേഷൻ സെക്രട്ടറി ജനറൽ എ ശ്രീകുമാർ, ബിഎസ്എൻഎൽ എംപ്ലോയീസ് യൂണിയൻ അസിസ്റ്റന്റ് ജനറൽ സെക്രട്ടറി കെ എൻ ജ്യോതിലക്ഷ്മി, കോൺഫെഡിന്റെ മുൻ സെക്രട്ടറി ജനറൽ സി ചന്ദ്രൻപിള്ള, വർക്കിങ് പ്രസിഡന്റ് തപസ് ബോസ് എന്നിവർ സംസാരിച്ചു.

പിരിച്ചുവിടപ്പെട്ട് 14 വർഷത്തിനുശേഷം സർവീസിൽ തിരിച്ചെത്തിയ എജിസ് ജീവനക്കാരനായ കെ എ മനുവേലിനു സമ്മേളന വേദിയിൽ സ്വീകരണം നൽകി. സെക്രട്ടറി ജനറൽ ആർ എൻ പരാശർ പ്രവർത്തന റിപ്പോർട്ടും ട്രഷറർ എസ് ബി യാദവ് കണക്കും അവതരിപ്പിച്ചു. സ്വാഗത സംഘം വർക്കിങ് പ്രസിഡന്റ് വി ശ്രീകുമാർ, ജനറൽ കൺവീനർ പി കെ മുരളീധരൻ എന്നിവർ സംസാരിച്ചു. മുന്നൂറോളം പ്രതിനിധികൾ പങ്കെടുക്കുന്ന സമ്മേളനം ശനിയാഴ്ചയും തുടരും.

കേരള സെക്രട്ടറിയറ്റ് എംപ്ലോയീസ് അസോസിയേഷന്റെ ആസ്ഥാനമന്ദിര നിർമാണത്തിന് സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ കല്ലിടുന്നു

സെക്രട്ടറിയറ്റ് എംപ്ലോയീസ് അസോ. ആസ്ഥാനമന്ദിരത്തിന് കല്ലിട്ടു

തിരുവനന്തപുരം

സുവർണ ജൂബിലിയുടെ നിറവിലെത്തിയ കേരള സെക്രട്ടറിയറ്റ് എംപ്ലോയീസ് അസോസിയേഷന്റെ ആസ്ഥാനമന്ദിര നിർമാണത്തിന് സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ കല്ലിട്ടു. വാൻറോസ് ജങ്ഷനുസമീപം നാലുസെന്റിലാണ് പുതിയ കെട്ടിടം ഒരുങ്ങുന്നത്. ഒരു വർഷത്തിനകം കെട്ടിടം യാഥാർഥ്യമാക്കണമെന്ന് കല്ലിടൽ ചടങ്ങിൽ എം വി ഗോവിന്ദൻ അഭ്യർഥിച്ചപ്പോൾ ആറുമാസത്തിനകം നിർമാണം പൂർത്തിയാക്കുമെന്ന് അസോസിയേഷൻ ഭാരവാഹികൾ പറഞ്ഞു. ചടങ്ങിൽ പ്രസിഡന്റ് പി ഹണി അധ്യക്ഷനായി. ജനറൽ സെക്രട്ടറി കെ എൻ അശോക് കുമാർ സ്വാഗതം പറഞ്ഞു.

കാമറയും പാനിക് ബട്ടണുമില്ല; വീഴ്ച സമ്മതിച്ച് റെയിൽവേ

സ്വന്തംലേഖകൻ

തിരുവനന്തപുരം

യാത്രക്കാർക്ക് സുരക്ഷിത യാത്ര ഒരുക്കുന്നതിൽ വീഴ്ച വരുത്തി റെയിൽവേ. തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളിൽ ഓടുന്ന ഒരു ട്രെയിനിലും കാമറയോ, പാനിക് ബട്ടണോ സ്ഥാപിച്ചിട്ടില്ലെന്ന് വിവരാവകാശ രേഖ. പാലക്കാട്, തിരുവനന്തപുരം ഡിവിഷനുകളിലായി റെയിൽവേ സംരക്ഷണ സേനയിലുള്ള 150 ഒഴിവുകളും നികത്തിയിട്ടില്ല. അതേസമയം ബംഗളൂരു ഡിവിഷന് കീഴിൽ സർവീസ് നടത്തുന്ന ട്രെയിനുകളിലെ 204 പുതിയ കോച്ചുകളിൽ സിസിടിവി കാമറയുണ്ട്.

വട്ടിയൂർക്കാവ് സ്വദേശി അജയ് എസ് കുമാർ നൽകിയ വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടിയാണ് ഇക്കാര്യം പറയുന്നത്. മൈസൂരു –ചെന്നൈ, ചെന്നൈ– മൈസൂരു വന്ദേ ഭാരത് എക്സ്പ്രസിന് നേരെയുണ്ടായ കല്ലേറിൽ അഞ്ച് സംഭവങ്ങളിലും പ്രതികളെ പിടികൂടുകയോ, കേസ് രജിസ്റ്റർ ചെയ്യുകയോ ഉണ്ടായില്ല. രണ്ട് സംഭവങ്ങളിൽ 200 രൂപ പിഴ ഈടാക്കുകയാണ് ഉണ്ടായത്.

മൈസൂരു– ചെന്നൈ വന്ദേ ഭാരത് എക്സ്പ്രസ് മൂന്നു തവണയും ചെന്നൈ– മൈസൂരു വന്ദേഭാരത് നാലുതവണയും ആക്രമിക്കപ്പെട്ടു. കഴിഞ്ഞ മൂന്നുമാസത്തെ കണക്കാണ് റെയിൽവേ നൽകിയത്.

സുഹൃത്തിനെ കോക്പിറ്റിൽ കയറ്റി; പൈലറ്റിന്റെ ലൈസൻസ് റദ്ദാക്കി

സ്വന്തം ലേഖകൻ

ന്യൂഡൽഹി

പറക്കലിനിടെ വനിതാ സുഹൃത്തിനെ വിമാനത്തിന്റെ കോക്പിറ്റിൽ കയറ്റിയ എയർ ഇന്ത്യ പൈലറ്റിന്റെ ലൈസൻസ് മൂന്നുമാസത്തേക്ക് റദ്ദാക്കി ഡിജിസിഎ. എയർ ഇന്ത്യക്ക് 30 ലക്ഷം രൂപ പിഴയുമിട്ടു. വിമാനത്തിലെ ക്യാബിൻ ക്രൂ അംഗമാണ് പരാതി നൽകിയത്. ഫെബ്രുവരി 27ന് ഡൽഹി– ദുബായ് എഐ 915 വിമാനത്തിലാണ് സംഭവം. മറ്റൊരാളെ കോക്പിറ്റിൽ കയറ്റുന്നത് ചട്ടങ്ങളുടെ ലംഘനമാണെന്നും യാത്രക്കാരുടെയും ക്രൂ അംഗങ്ങളുടെയും സുരക്ഷയ്ക്ക് ഭീഷണിയാണെന്നും ഡിജിസിഎ വ്യക്തമാക്കി. അന്വേഷണം പൂർത്തിയാകുംവരെ ദുബായ്– ഡൽഹി വിമാനത്തിലെ മുഴുവൻ ജീവനക്കാരെയും ജോലിയിൽനിന്ന് മാറ്റിനിർത്താനും നിർദേശിച്ചു.

രാജ്യത്തിന്റെ നിലനിൽപ്പിനായി ജീവനക്കാരും രംഗത്തിറങ്ങണം: തോമസ് ഐസക്

കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവൺമെന്റ് എംപ്ലോയീസ് ആൻഡ് വർക്കേഴ്സ് അഖിലേന്ത്യാ സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്യാനായി ഡോ. ടി എം തോമസ് ഐസക് തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ എത്തിയപ്പോൾ

തിരുവനന്തപുരം

നവ ഉദാരവൽക്കരണ നയങ്ങൾ രാജ്യത്തെ പൊതുമേഖലയെ തകർക്കുമ്പോൾ രാജ്യത്തിന്റെ നിലനിൽപ്പിനായി ജീവനക്കാരും രംഗത്തിറങ്ങണമെന്ന് സിപിഐ എം കേന്ദ്ര കമ്മിറ്റി അംഗം ഡോ. തോമസ് ഐസക്. കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവ. എംപ്ലോയീസ് ആൻഡ് വർക്കേഴ്സ് (സിസിജിഇഡബ്ല്യു) അഖിലേന്ത്യ സമ്മേളനത്തിന്റെ ഭാഗമായി 'പൊതുമേഖലാ സ്ഥാപനങ്ങളിലും കേന്ദ്ര ജീവനക്കാരിലും നവ ഉദാരവൽക്കരണത്തിന്റെ സ്വാധീനം' എന്ന വിഷയത്തിൽ ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സിസിജിഇഡബ്ല്യു ജനറൽ സെക്രട്ടറി വി ശ്രീകുമാർ അധ്യക്ഷനായി. ആർ എൻ പരാശർ, മോഹനചന്ദ്രൻ, ബി ഹരികുമാർ, ആർ മുരളീധരൻനായർ, ഐ കെ ബിജു, പി കെ മുരളീധരൻ, പി വി രാജേന്ദ്രൻ എന്നിവർ സംസാരിച്ചു.

ചരിത്രസംഭവമായി നൂറ്റൊന്നിന്മേൽ കുർബാന

ജോഷി അറയ്ക്കൽ

കോതമംഗലം

യാക്കോബായ സഭയുടെ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവയുടെ മഹാ പൗരോഹിത്യ സുവർണജൂബിലിയോടനുബന്ധിച്ച് മാർ തോമാ ചെറിയപള്ളിയിൽ പ്രത്യേകം സജ്ജമാക്കിയ 101 ബലിപീഠങ്ങളിൽ നൂറ്റൊന്നിന്മേൽ കുർബാന നടന്നു. ചടങ്ങിൽ ബാവ മുഖ്യകാർമികത്വം വഹിച്ചു. ബാവാപട്ടം നൽകിയ സഭയിലെ മെത്രാപോലീത്തമാരും റമ്പാന്മാരും കോറെപ്പിസ്കോപ്പമാരും വൈദികശ്രേഷ്ഠരും ഉൾപ്പെടെ 101 പേർ കുർബാന അർപ്പിച്ചു. ചെറിയപള്ളിയിലേക്ക് ജാതിമതഭേദമില്ലാതെ പതിനായിരങ്ങൾ ഒഴുകിയെത്തി.

സന്ധ്യാപ്രാർഥനയോടെയാണ് നൂറ്റൊന്നിന്മേൽ കുർബാനയ്ക്ക് തുടക്കംകുറിച്ചത്. സഹകാർമികരായി അങ്കമാലി ഭദ്രാസന സഹായ മെത്രാപോലീത്ത ഡോ. എബ്രഹാം മാർ സേവേറിയോസ്, കണ്ടനാട് ഭദ്രാസന മെത്രാപോലീത്ത മാത്യൂസ് മാർ ഇവാനിയോസ്, പെരുമ്പാവൂർ മേഖലാ മെത്രാപോലീത്ത മാത്യൂസ് മാർ അഫ്രേം, പൗരസ്ത്യ സുവിശേഷസമാജം മെത്രാപോലീത്ത മർക്കോസ് മാർ ക്രിസോസ്റ്റമോസ്, കോഴിക്കോട് ഭദ്രാസന മെത്രാപോലീത്ത പൗലോസ് മാർ ഐറേനിയോസ്, തൃശൂർ ഭദ്രാസന മെത്രാപോലീത്ത കുര്യാക്കോസ് മോർ ക്ലീമീസ്, ഹൈറേഞ്ച് മേഖലാ മെത്രാപോലീത്ത ഏലിയാസ് മാർ അത്തനാസിയോസ്, കൊല്ലം ഭദ്രാസന മെത്രാപോലീത്ത മാത്യൂസ് മാർ തേവോദിയോസ്, നിരണം ഭദ്രാസന മെത്രാപോലീത്ത ഗീവർഗീസ് മാർ കൂറിലോസ്, മലബാർ ഭദ്രാസന മെത്രാപോലീത്ത ഗീവർഗീസ് മാർ സ്തേഫാനോസ്, സഭയിലെ റമ്പാന്മാർ, കോറെപ്പിസ്കോപ്പമാർ, വൈദികശ്രേഷ്ഠർ തുടങ്ങിയവർ സഹകാർമികത്വം വഹിച്ചു.

എംപിമാരായ ബെന്നി ബഹനാൻ, ഡീൻ കുര്യാക്കോസ്, എംഎൽഎമാരായ ആന്റണി ജോൺ, മാത്യു കുഴൽനാടൻ, എൽദോസ് കുന്നപ്പിള്ളി എന്നിവരും ടി യു കുരുവിള, സഭാ സെക്രട്ടറി അഡ്വ. പീറ്റർ കെ ഏലിയാസ്, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, തുടങ്ങിയവരും പങ്കെടുത്തു.